ആശുപത്രി ഉപകരണങ്ങൾ	-	1,00,00,000 രൂപ
മറ്റ് ചെലവുകൾ (വൈദ്യുതി, വെള്ളം, ടെലിഫോൺ ചാർജ് തുടങ്ങിയവ)	-	10,00,000 രൂപ
നടത്തിപ്പ് ചെലവ്	-	3,00,000 രൂപ

(ഡി) 2002-03 അദ്ധ്യയന വർഷത്തെ സർക്കാർ മെഡിക്കൽ കോളേജിലെ വാർഷിക ഫീസ് 8750 രൂപയും സ്വാശ്രയ മെഡിക്കൽ കോളേജിലെ പരമാവധി വാർഷിക ട്യൂഷൻ ഫീസ് 1,76,000 രൂപയുമാണ്.

കാസർഗോഡ് ജില്ലയിൽ നഴ്സിംഗ് സ്ക്കൂൾ

103 (2230) ശ്രീ. കെ. പി. സതീഷ് ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിൽ നഴ്സിംഗ് സ്ക്കൂൾ ആരംഭിക്കുന്നത് സംബന്ധിച്ച നടപടികൾ ഏതു ഘട്ടത്തിലാണെന്നും ഇതിനാവശ്യമായ തസ്തികകൾ അനുവദിക്കുന്നതിനും കെട്ടിടസൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും സ്വീകരിച്ച നടപടികൾ എന്തൊക്കെയായിരുന്നുവെന്നും വിശദമാക്കാമോ ;

(ബി) പ്രസ്തുത നഴ്സിംഗ് സ്ക്കൂൾ എപ്പോൾ പ്രവർത്തനം ആരംഭിക്കാൻ കഴിയുമെന്ന് അറിയിക്കാമോ ?

ഉത്തരം

(എ) കാസർഗോഡ് ജില്ലയിൽ കേന്ദ്ര ഗവൺമെന്റിന്റെ സഹായത്തോടെ നഴ്സിംഗ് സ്ക്കൂൾ ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. 21-03-2003-ലെ ജി.ഒ. (എം.എസ്) 59/03/ആ.കു.വ. പ്രകാരം പുതിയതായി വൈസ്പ്രിൻസിപ്പാൾ, പ്യൂൺ, പാർട്ട് ടൈം സ്വീപ്പർ എന്നീ മൂന്നു തസ്തികകൾ അനുവദിച്ചിട്ടുണ്ട്. മറ്റുള്ള തസ്തികകൾ പുനർവിന്യാസം വഴി നികത്താനുള്ള നടപടി എടുത്തു വരുന്നു.

കാസർഗോഡ് ജില്ലാ ആശുപത്രിക്ക് സമീപമുള്ള കെട്ടിടത്തിൽ നഴ്സിംഗ് സ്ക്കൂൾ തുടങ്ങാനാണ് ഉദ്ദേശിക്കുന്നത്.

(ബി) നഴ്സിംഗ് സ്ക്കൂളിന്റെ പ്രവർത്തനം ആരംഭിക്കുന്നതിനാവശ്യമായ തസ്തികകളിൽ നേരിട്ടും പുനർവിന്യാസം മൂലവും നിയമനം നടത്തി എത്രയും വേഗം പ്രവർത്തനം ആരംഭിക്കുക എന്നതാണ് സർക്കാരിന്റെ ലക്ഷ്യം.

ചളവറ പ്രൈമറി ഹെൽത്ത് സെന്ററിലെ ഡോക്ടർമാരുടെ ഒഴിവുകൾ നികത്തുന്നതിന് നടപടി

104 (2232) ശ്രീ. വി. സി. കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചളവറ പ്രൈമറി ഹെൽത്ത് സെന്ററിൽ ഡോക്ടർമാരുടെ എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ ഒഴിവുകൾ നികത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) ചളവറ പ്രൈമറി ഹെൽത്ത് സെന്ററിൽ ഡോക്ടർമാരുടെ ഒഴിവൊന്നും നിലവിൽ റിപ്പോർട്ട് ചെയ്തിട്ടില്ല.

തൃക്കുന്നപ്പുഴ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിലെ ഒഴിവുകൾ നികത്തുന്നതിന് നടപടി

105 (2233) ശ്രീ. ടി. കെ. ദേവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലപ്പുഴ ജില്ലയിലെ തൃക്കുന്നപ്പുഴ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ ആവശ്യത്തിന് ജീവനക്കാരില്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ആകെ എത്ര തസ്തികകളാണ് ഇവിടെ അനുവദിക്കപ്പെട്ടിട്ടുള്ളത് ; ഏതെല്ലാം ; ഓരോ തസ്തികയിലും അനുവദിക്കപ്പെട്ടിട്ടുള്ള പോസ്റ്റുകൾ എത്ര ;

(സി) നിലവിൽ ഓരോ തസ്തികയിലും എത്ര ഒഴിവുകളുണ്ട് ;

(ഡി) ഒഴിവുകൾ നികത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) താഴെപ്പറയുന്ന 21 തസ്തികകളാണ് ആകെ അനുവദിക്കപ്പെട്ടിട്ടുള്ളത്.

സിവിൽ സർജൻ	–	1 എണ്ണം
അസിസ്റ്റന്റ് സർജൻ	–	4 ,,
സ്റ്റാഫ് നേഴ്സ്	–	3 ,,
ഫാർമസിസ്റ്റ്	–	1 ,,
ലാബ് ടെക്നീഷ്യൻ	–	2 ,,
ഹോസ്പിറ്റൽ അറ്റന്റന്റ് ഗ്രേഡ് -2	–	2 ,,
ഹോസ്പിറ്റൽ അറ്റന്റന്റ് ഗ്രേഡ് -1	–	1 ,,
നേഴ്സിംഗ് അസിസ്റ്റന്റ്	–	1 ,,
പാർട്ട്ടൈം സ്വീപ്പർ	–	1 ,,
ക്ലാർക്ക്	–	2 ,,
ഒപ്താൽമിക് അസിസ്റ്റന്റ്	–	1 ,,

LIBRARY ARCHIVES Kerala Legislative Assembly